LIBRARY ARCHIVES Kerala Legislative Assembly

വിശ്വാസവും കൂടുതൽ വർദ്ധിക്കുകയാണ്. അതുകൊണ്ട് എം.എൽ.എ. ഫണ്ടുകൾ ഇതിൽ വിനിയോഗിക്കാനുള്ള അനുവാദം ലഭിക്കുകയാണെങ്കിൽ ഒരു വർഷം വേണ്ടിവരുന്ന പ്രോജക്ടുകൾ രണ്ടുമൂന്നു മാസം കൊണ്ട് പൂർത്തീകരിക്കാൻ സാധിക്കും. ചെന്നൈ ഐ.ഐ.ടി.-യുടെ കാമ്പസിൽ ഹോസ്റ്റൽ നിർമ്മിച്ചിട്ടുള്ളതും ഈ പ്രോഡക്ട് ഉപയോഗിച്ചാണ്. 32 ദിവസം കൊണ്ടാണ് രണ്ട് നില കെട്ടിടമായ ഹോസ്റ്റൽ നിർമ്മിച്ചതും ഇത് മാതൃകയായി സ്വീകരിച്ച് വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സംയോജനം നടത്തിക്കൊണ്ട് വളരെ വേഗത്തിൽ നമുക്ക് ഭരണാനുമതി ലഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ജിപ്സം ഉപയോഗിച്ച് കൺസൂക്ഷൻ നടത്തുന്നതിൽ കുഴപ്പമൊന്നുമില്ല. ഗവൺമെന്റ് കൺസൂക്ഷന് എവിടെയൊക്കെ ഇതുപയോഗിക്കാമെന്നത് സംബന്ധിച്ച് ആധികാരികമായി തീരുമാനമുണ്ടായിട്ടില്ല. വാൾ പാനൽ വലിയ പ്രശ്നങ്ങളില്ലാത്ത കൺസൂക്ഷന് ഉപയോഗിക്കുന്നുണ്ട്. അത് പോപ്പുലറാക്കാനുള്ള നടപടികളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

(5) സബ്ട്രഷറി ആഫീസ്

ശ്രീ. കെ. അജിത്: സർ, 9 പഞ്ചായത്തുകളും ഒരു മുനിസിപ്പാലിറ്റിയും ഉൾപ്പെടുന്നതാണ് വൈക്കം നിയോജക മണ്ഡലത്തിൽ ഒരു സബ്ട്രഷറിയാണ് ഇപ്പോഴുള്ളത്. തലയോലപ്പറമ്പിൽ ഒരു സബ്ട്രഷറി ആരംഭിക്കണമെന്നതാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് നേരിട്ട് അറിയാവുന്ന സ്ഥലമാണ്. അവിടെയുള്ള ആളുകൾ ആവശ്യങ്ങൾക്കായി വൈക്കം ട്രഷറിയിലേക്കാണ് പോകുന്നത്. 6000-ലധികം പെൻഷൻകാരാണ് വൈക്കം ട്രഷറിയിൽ വരുന്നത്. ഇത് വളരെ തിരക്കുള്ള ട്രഷറിയാണ്. അതിനാൽ ധാരാളം ഓഫീസുകളും മറ്റുമുള്ള തലയോലപ്പറമ്പിൽ ഒരു സബ്ട്രഷറി ആരംഭിക്കണം. അവിടെ മിനി സിവിൽ സ്റ്റേഷന്റെ പണി പൂർത്തിയായതിനാൽ ഇപ്പോൾ സ്ഥലസൗകര്യമുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സബ്ട്രഷറി അനുവദിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, കേരളത്തിന്റെ ഭൂപടത്തിൽ തലയോലപ്പറമ്പിന് പ്രത്യേക സ്ഥാനമുണ്ട്. ട്രഷറി വകുപ്പിൽ ആധുനികവൽക്കരണത്തിന്റെയും കമ്പ്യൂട്ടർവൽക്കരണത്തിന്റെയും ഭാഗമായി കോർ ബാങ്കിംഗ്, ഹൊറിസോണ്ടൽ കണക്റ്റിവിറ്റി മുതലായ പുതിയ

പദ്ധതികൾ നടപ്പിലാക്കിവരുന്നതിനാൽ ടഷറി ഇടപാടുകൾ കൂടുതൽ സുഗമമാകുന്നതാണ്. ഈ സാഹചര്യത്തിൽ പുതുതായി ടഷറികൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. പുതുതായി അനുവദിക്കുന്ന സന്ദർഭത്തിൽ അക്കാര്യത്തെപ്പറ്റി ആലോചിക്കാവുന്നതാണ്.

(6) വിദ്യാലയങ്ങളിൽ ജൈവ പോളിഹൗസുകൾ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, കേരളം ഒരു കാർഷിക സംസ്ഥാനമാണ്. അമിതമായ രാസവളപ്രയോഗവും കീടനാശിനികളുടെ ഉപയോഗവും കാരണം കാൻസർ പോലുള്ള രോഗങ്ങളുടെ എണ്ണം കൂടിവരികയാണ്. കർഷകർ അവരുടെ വീട്ടുവളപ്പിൽത്തന്നെ ജൈവവളമുൽപ്പാദിപ്പിച്ച് കൃഷി ചെയ്യുകയെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിയുടെ ആശയമാണ്. ജൈവകൃഷിയുടെ പ്രാധാന്യം കർഷകരിൽ എത്തിക്കുന്നതിനും പുത്തൻ തലമുറയെ ജൈവ കർഷകരാക്കി മാറ്റിയെടുക്കുന്നതിനും താൽപ്പര്യമുള്ള വിദ്യാലയങ്ങൾ തെരഞ്ഞെടുത്ത് അവിടെ പോളിഹൗസ് പദ്ധതി ആരംഭിച്ച് വിദ്യാർത്ഥികളിൽ ജൈവ പച്ചക്കറി കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള പരിശീലനം നൽകണമെന്നാണ് ഞാൻ ഈ സബ്മിഷനിൽക്കൂടി ആവശ്യപ്പെടുന്നത്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിദ്യാർത്ഥികളിൽ ജൈവകൃഷിയുടെ ആവശ്യകതയെപ്പറ്റി അവബോധം വളർത്തിയെടുക്കുന്നതിനുമായി ഹൈടെക് കൃഷിയുടെ ഭാഗമായി സംസ്ഥാനത്ത് പോളിഹൗസുകൾ വഴി സംരക്ഷിത കൃഷി കാര്യക്ഷമമായി നടത്തിവരുന്നുണ്ട്. സംസ്ഥാന ഹോർട്ടികൾച്ചർ വഴിയാണ് ഹൈടെക് പദ്ധതി പ്രകാരം പോളിഹൗസുകൾ സ്ഥാപിക്കുന്നത്. വിദ്യാലയങ്ങളിൽ ജൈവപോളിഹൗസുകൾക്ക് രൂപം നൽകിക്കൊണ്ട് വിദ്യാർത്ഥികളിൽ ജൈവകൃഷി രീതിയെക്കുറിച്ചുള്ള അവബോധം വളർത്തിയെടുക്കുകയാണ് ചെയ്യുന്നത്. വിദ്യാർത്ഥികൾക്കിടയിൽ ജൈവകൃഷിയുടെ അഭിരുചി വർദ്ധിപ്പിക്കാനും അതുവഴി ജൈവപച്ചക്കറികൾ വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണത്തിന് ലഭ്യമാക്കാനും അതോടൊപ്പം വിദ്യാലയങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ അവിടെത്തന്നെ സംസ്കരിക്കുന്നതിനും സാധ്യമാകുന്ന തരത്തിൽ എല്ലാ വിദ്യാലയങ്ങളിലും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കൃഷി വകുപ്പ് പദ്ധതി നടപ്പിലാക്കി വരുന്നു. വിദ്യാലയങ്ങളിൽ, ബയോഗ്യാസ് പദ്ധതിയുടെ ഭാഗമായുള്ള ബയോഗ്യാസ് പ്ലാന്റിന്റെ വിതരണ ഉദ്ഘാടനം ജൂലൈ മാസം 18-ാം തീയതി കോഴിക്കോട് വച്ച് നടക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പദ്ധതിയുടെ ഉദ്ഘാടനം നേരത്തെ നടത്തിയിരുന്നു. ഈ ഒരു ബൃഹത്തായ പദ്ധതിയിലൂടെ ഉറവിട മാലിന്യ സംസ്കരണം, ജൈവകൃഷി, ഉച്ചഭക്ഷണത്തിനുള്ള പച്ചക്കറി, ഉച്ചക്കഞ്ഞിക്കുള്ള ഗ്യാസ് എന്നിവ ലഭിക്കുന്നതാണ്.